പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 173

17.03.2015-ൽ മറുപടിക്ക്.

## ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ പദ്ധതിയായ ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | : (എ) ഉണ്ട്. |
| (ബി) സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകാമോ; | : (ബി) കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായമാകുന്നതരത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളുമായും, 6000 അനുബന്ധ പോലീസ് ഓഫീസുകളുമായും മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളായ Transport, Immigration, Passport, Central Police agencies തുടങ്ങിയവയുമായും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.<br>1. കുറ്റാന്വേഷണം, കുറ്റകൃത്യങ്ങൾ തടയൽ, ക്രമസമാധാന പരിപാലനം, ഗതാഗത നിയന്ത്രണം, അടിയന്തിര ഘട്ടങ്ങളിലെ ഇടപെടലുകൾ തുടങ്ങിയവയിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഇടപെടൽ സാദ്ധ്യമാക്കുന്നതിലൂടെ പോലീസിന്റെ കാര്യക്ഷമതയും, പ്രവർത്തന ക്ഷമതയും വളരെയധികം വർദ്ധിപ്പിക്കുക, എളുപ്പത്തിലും, വേഗതയിലും വിവരങ്ങൾ ശേഖരിയ്ക്കുക<br>2. ഇതുവഴി മാനവശേഷി വേണ്ടുന്ന ജോലികൾ വളരെയധികം കുറച്ച് കൊണ്ട് വരികയും അതുവഴി സമയ നഷ്ടം കുറയ്ക്കുകയും ചെയ്യുക |

3. ഇതുവഴി പോലീസ് സന്ദേശം, ഇ-മെയിൽ എന്നീ വാർത്താവിനിമയ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക
4. പോലീസ് ഓഫീസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുക വഴി പോലീസ് സ്റ്റാഫുകൾക്ക് ക്രമസമാധാനപാലനത്തിന് കൂടുതൽ സമയം കണ്ടെത്താൻ സാധിക്കുക
5. കുറ്റവാളികളെയും, കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള വിവരം ഇതുവഴി ശേഖരിച്ച് മറ്റു സംസ്ഥാനങ്ങൾക്കും, കേന്ദ്രത്തിനും നൽകുക
6. ഇതുവഴി പൊതുജനങ്ങൾക്ക് പോലീസിന്റെ സേവനം ജനസൗഹൃദ രീതിയിലാക്കുന്നു. പോലീസ്, റോഡ് ഗതാഗതം, വിദേശ കാര്യം തുടങ്ങിയ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട NOC തുടങ്ങിയ സേവനങ്ങളും, തൽസ്ഥിതി റിപ്പോർട്ടും ഓൺലൈനായി ലഭ്യമാക്കുന്നു.

(സി) പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

: (സി) നിലവിൽ 11 ജില്ലകളിലാണ് CCTNS നടപ്പിലാക്കിയിട്ടുള്ളത്. ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതിയ്ക്ക് ആവശ്യമായ കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, UPS, ഡിജിറ്റൽ ക്യാമറകൾ, ഇലക്ട്രോണിക് പെൻ, നെറ്റ് വർക്കിംഗ് സംബന്ധമായ ഉപകരണങ്ങൾ, VPNoBB, Wimax, VSAT, KSWAN തുടങ്ങിയ connectivities, ഡാറ്റാ സെന്റർ ഉപകരണങ്ങൾ, ഫർണീച്ചറുകൾ, എയർ കണ്ടീഷനറുകൾ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ പഴയ എഫ്.ഐ.ആറുകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും ഈ പദ്ധതിയ്ക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. CCTNS ആപ്ലിക്കേഷനിൽ വിവിധ മോഡ്യൂളുകളുണ്ട്. ഇതിൽ ജനറൽ ഡയറി, എഫ്.ഐ.ആർ എന്നീ മോഡ്യൂളുകളാണ്

നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് മോഡ്യൂളുകളായ Investigation, Prosecution എന്നിവ ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

(ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

(ഡി) രാജ്യത്തെ 14000 ൽ പരം പോലീസ് സ്റ്റേഷനുകളെയും, 6000 ൽ പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാന തലത്തിലുള്ള ഡാറ്റാ സെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവ വഴി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് CCTNS. കേരളത്തിന്റെ ഡാറ്റാ സെന്റർ തിരുവനന്തപുരം ടെക്നോ പാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

മിനിസ്റ്ററി ഓഫ് ഹോം അഫയ്ഴേസിൽ നിന്നും ലഭ്യമായിട്ടുള്ള കോർ ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ (CAS) സംസ്ഥാനത്തെ ഡാറ്റാ സെന്ററിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ഒരേ സമയം ടി സോഫ്ട് വേയർ ഉപയോഗിക്കാൻ കഴിയും. ഇതിനുവേണ്ടി സുരക്ഷിതവും സ്വന്തവുമായൊരു നെറ്റ് വർക്ക് (VPN) നൽകിയിട്ടുണ്ട്. കേരളത്തിൽ രണ്ട് നെറ്റ് വർക്കുകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. (1) ബി.എസ്.എൻ.എൽ നെറ്റ് വർക്കും (2) കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കും ഇവ മുഖേന കേരളത്തിലെ 482 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 835 പോലീസ് ഓഫീസുകളെ ബന്ധിപ്പിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ളിക്കേഷൻ സോഫ്ട് വെയറിലേക്ക് നൽകുന്ന വിവരങ്ങൾ യഥാസമയം അതാത് സംസ്ഥാന ഡാറ്റാ സെന്ററുകളിൽ എത്തുകയും പ്രസ്തുത വിവരങ്ങൾ അതാത് സംസ്ഥാനത്തിലെ എല്ലാ പോലീസ് ഓഫീസുകളിലും കൂടാതെ രാജ്യത്തെ എല്ലാ പോലീസ് ഓഫീസുകളിലും ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ